ഭൂചലനം സംബന്ധിച്ച പഠനങ്ങൾ

81 (1641) ശ്രീ. എം. ദാസൻ :
ശ്രീ. ലോനപ്പൻനമ്പാടൻ :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. എം. എ. തോമസ് :
ശ്രീമതി എൻ. കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചില ജില്ലകളിലുണ്ടായ ഭൂചലനം സംബന്ധിച്ച് ഗൗരവമായ ശാസ്ത്രപഠനങ്ങൾ ആവശ്യമാണെന്ന് സർക്കാർ കരുതുന്നുണ്ടോ ; എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചു കഴിഞ്ഞോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഭൂചലനം സംബന്ധിച്ച് പഠനം നടത്തുന്നതിന് ഏതൊക്കെ ഏജൻസികളെയും വകുപ്പുകളെയുമാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തുണ്ടായ ഭൂചലനം സംബന്ധിച്ച് മന്ത്രിസഭാ ഉപസമിതിയുടെ വിലയിരുത്തൽ എന്തെന്നു വിശദമാക്കുമോ ;

(ഡി) സംസ്ഥാനത്ത് ചില ജില്ലകളിലുണ്ടായ ഭൂചലനക്കെടുതികൾ തിട്ടപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ കെടുതികൾ നേരിടേണ്ടി വന്നവർക്ക് എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്ത് നടന്നുവരുന്ന ഭൂചലന പഠനങ്ങൾ ഏകോപിപ്പിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ ; എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചുകഴിഞ്ഞോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരളത്തിൽ ഈയിടെയുണ്ടായ ഭൂചലനങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് തരുവാൻ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് എന്ന സ്ഥാപനത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. അവരുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ബി) സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്, തിരുവനന്തപുരം എന്ന സ്ഥാപനത്തോട് ഭൂചലനം സംബന്ധിച്ച പഠനം നടത്തി റിപ്പോർട്ട് തരുവാനും, ഭൂചലന സാദ്ധ്യതയുള്ള പ്രദേശങ്ങളുടെ മാപ്പ് തയ്യാറാക്കുവാനും ആവശ്യപ്പെട്ടിട്ടുണ്ട്. ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ, ഇന്ത്യൻ മെറ്റീരിയോളജിക്കൽ ഡിപ്പാർട്ടുമെന്റ്, സംസ്ഥാന മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് എന്നിവയും അവരുടെ സ്വന്തംനിലയിൽ പഠനം നടത്തി വരുന്നതായി അറിവുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മന്ത്രിസഭാ ഉപസമിതി ഭൂചനലക്കെടുതികൾ കൂടുതലുണ്ടായ കോട്ടയം ജില്ലയിൽ 12-1-2001-ൽ സന്ദർശനം നടത്തുകയുണ്ടായി. നാശനഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നിലവിലുള്ള വ്യവസ്ഥകളിൽ ആവശ്യമെങ്കിൽ ഇളവുകൾ വരുത്തി നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. എന്നാൽ ചില ജില്ലകളിൽ ഭൂചലനം തുടരുന്നതിനാൽ നാശനഷ്ടങ്ങൾ കൂടാൻ സാദ്ധ്യതയുണ്ട്. കോട്ടയം ജില്ലയിൽ ഭൂചലനസമയത്ത് ഹൃദ്രോഗംമൂലം മരിച്ച വാസുവിന്റെ ആശ്രിതർക്ക് 30,000 രൂപ നൽകിയിട്ടുണ്ട്. മറ്റ് നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തി കേന്ദ്രഗവൺമെന്റിൽ നിന്ന് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതാണ്.

(ഇ) ഈ നിർദ്ദേശം പരിഗണിക്കുന്നതാണ്. ആവശ്യമായ നടപടി ഉടൻ കൈക്കൊള്ളുന്നതാണ്.

ഭൂമികുലുക്കംമൂലം കെട്ടിടങ്ങൾക്കുണ്ടായ നാശനഷ്ടങ്ങൾ

82 (1642) ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമികുലുക്കംമൂലം എത്ര വീടുകൾക്കും മറ്റു കെട്ടിടങ്ങൾക്കും പൂർണ്ണമായ നാശം സംഭവിച്ചിട്ടുണ്ട് ;

(ബി) എത്ര എണ്ണം ഭാഗികമായി നശിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരളത്തിൽ ഭൂമികുലുക്കംമൂലം വീടുകൾക്കും മറ്റ് കെട്ടിടങ്ങൾക്കും പൂർണ്ണമായ നാശം സംഭവിച്ചിട്ടില്ല.

(ബി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

വിവിധ പെൻഷനുകൾ നൽകുന്നതിനുള്ള പ്രതിവർഷ ചിലവ്

83 (1643) ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാതന്ത്ര്യം ലഭിക്കുന്നതിനുമുൻപ് അന്നത്തെ ഭരണാധികാരികൾ അനുവദിച്ച ഏതെല്ലാം വിധത്തിലുള്ള പെൻഷനുകൾ ഇപ്പോഴും നൽകിവരുന്നുണ്ട് ;

(ബി) എത്ര പേർക്ക് ഈ പെൻഷൻ കൊടുത്തുവരുന്നുണ്ട് ;

(സി) പ്രതിവർഷം ഇതിലേയ്ക്കായി എന്തു തുക വേണ്ടിവരുമെന്ന് വെളിപ്പെടുത്തുമോ ;

---

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly